"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്- മൈനിംഗ് & ജിയോളജി -2015 ലെ കെ.എം.സി.സി ചട്ടങ്ങൾ പ്രകാരം ശ്രീ. സുന്ദരേശൻ, പത്മദീപം, മൈലംകുളം, പുത്തൂർ.പി.ഒ, കൊല്ലം എന്ന വ്യക്തി സമർപ്പിച്ച രണ്ടാം അപ്പീൽ അപേക്ഷ- തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ വകുപ്പ്**

സ.ഉ.(സാധാ) നം.625/2026/ID തീയതി,തിരുവനന്തപുരം, 04-06-2026

---

പരാമർശം:-

1. കൊല്ലം ജില്ലാ ജിയോളജിസ്റ്റിന്റെ 25.06.2024 ലെ 183/2024-25/GBS/DOKOL-DMG/3088/2022-E നമ്പർ ഡിമാൻഡ് നോട്ടീസ്
2. 29/4/2025 ലെ സ.ഉ (സാധാ) നം. 457/2025-ID നമ്പർ സർക്കാർ ഉത്തരവ്
3. കൊല്ലം ജില്ലാ ജിയോളജിസ്റ്റിന്റെ 3/10/2025 ലെ DOKOL-DMG/3088-E നമ്പർ നടപടിക്രമം
4. ശ്രീ. സുന്ദരേശൻ, പത്മദീപം, മൈലംകുളം, പുത്തൂർ.പി.ഒ, കൊല്ലം എന്ന വ്യക്തി സമർപ്പിച്ച രണ്ടാം അപ്പീൽ അപേക്ഷ
5. ഡയറക്ടർ, മൈനിംഗ് & ജിയോളജിയുടെ 25/5/2026 ലെ ഡി.എം.ജി/499/2025-എം2 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

കൊട്ടാരക്കര താലൂക്കിൽ കലയപുരം വില്ലേജിൽ ബ്ലോക്ക് നം. 10, റീസർവ്വേ നം. 392/6, 392/7,392/8,392/9-1,392/9-3,392/9-3-1ൽപ്പെട്ട 0.4705 ഹെക്ടർ സ്ഥലത്ത് നിന്നും കരിങ്കല്ല് ഖനനം ചെയ്യുന്നതിന് ശ്രീ. സുന്ദരേശൻ, പത്മദീപം, മൈലംകുളം പി.ഒ. പുത്തൂർ എന്ന വ്യക്തിക്ക് ക്വാറിയിംഗ് പെർമിറ്റ് അനുവദിച്ചിരുന്ന സ്ഥലത്ത് ജില്ലാ ഓഫീസിൽ നിന്നും നടത്തിയ സ്ഥല പരിശോധനയിൽ ഖനനാനുമതി നൽകിയ സ്ഥലത്തും, ആയതിന് പുറത്ത് നിന്നും, ബഫർ സോണിൽ നിന്നുമായും അനധികൃത ഖനനം നടത്തുന്നതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നടത്തിയ ക്വാറി അളവിൽ ക്വാറിപിറ്റിൽ മണ്ണിട്ട് ഫില്ലിങ് നടത്തിയതായി വകുപ്പ് സർവെയർ അറിയിച്ചിരുന്നതിനാൽ അളവ് കൃത്യമായി കണക്കാക്കുവാൻ സാധിച്ചിരുന്നില്ല എന്നും പിന്നീട് അളവ് നടത്തി സ്കെച്ച് പരിശോധിച്ചതിൽ സർവ്വെയർ നടത്തിയപരിശോധനയിൽ ഖനനം ചിത്രീകരിച്ചതിൽ വന്ന വ്യത്യാസം മാത്രമാണെന്നും ഖനനാളവിൽ മാറ്റമില്ല എന്ന് കണ്ടെത്തിയതിന്റെയും അടിസ്ഥാനത്തിലാണ് പെർമിറ്റ് ഉടമയ്ക്ക് പരാമർശം (1) പ്രകാരം കൊല്ലം ജില്ലാജിയോളജിസ്റ്റ് ഡിമാൻഡ് നോട്ടീസ് നൽകിയിരുന്നത്. ടി ഡിമാൻഡിനെതിരെ പെർമിറ്റ് ഉടമ സർക്കാരിൽ നൽകിയ അപ്പീലിൽ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് ആസ്ഥാനത്തെ ഡെപ്യൂട്ടി ഡയറക്ടറും ജില്ലാ ജിയോളജിസ്റ്റും ചേർന്ന് അനധികൃത ഖനനം സംബന്ധിച്ച് പുനർനിർണ്ണയം നടത്തി ആയത് അപ്പീൽ കക്ഷിയെ

ബോദ്ധ്യപ്പെടുത്തി ആദ്യം നൽകിയ ഡിമാൻറ് നോട്ടീസ് അദാലത്ത് മോഡലിലാകയാൽ അദാലത്ത് മോഡലിൽ പരിഗണിക്കണമെന്ന് അപ്പീൽ ആവശ്യപ്പെടുകയാണെങ്കിൽ അപ്രകാരം പരിഗണിച്ച് ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് അനുയോജ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിന് കൊല്ലം ജില്ലാ ജിയോളജിസ്റ്റിന് നിർദ്ദേശം നൽ കി പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച് തീർപ്പാക്കിയിരുന്നു. ടി ഉത്തരവിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ആസ്ഥാനത്തെ ഡെപ്യൂട്ടി ഡയറക്ടറും ജില്ലാ ജിയോളജിസ്റ്റും ചേർന്ന് അനധികൃത ഖനനം സംബന്ധിച്ച് പുനർനിർണ്ണയം നടത്തി ആയത് ആദ്യം നൽകിയ ഡിമാൻറ് നോട്ടീസ് അദാലത്ത് മോഡലിലായതിനാൽ അദാലത്ത് മോഡലിൽ പരിഗണിക്കണമെന്ന് അപ്പീൽകക്ഷി ആവശ്യപ്പെടുകയാണെങ്കിൽ അപ്രകാരം പരിഗണിച്ച് അനുയോജ്യമായ നടപടികൾ അടിയന്തിര സ്വീകരിക്കുവാൻ 16.08.2025 തീയതിയിലെ DMG/499/2025-M2 നമ്പറായ കത്ത് പ്രകാരം ജില്ലാ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലാ ജിയോളജിസ്റ്റ് വകുപ്പ് ആസ്ഥാനത്ത് ഹാജരാകുകയും ബന്ധപ്പെട്ട രേഖകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ അപ്പീൽ കക്ഷിയിൽ നിന്നും പെനാലിറ്റി ഈടാക്കാനുള്ള കരിങ്കല്ലിന്റെ അളവ് തിട്ടപ്പെടുത്തി റിപ്പോർട്ട് സർപ്പിക്കുകയും ചെയ്തിരുന്നു.

2) ടി റിപ്പോർട്ട് പ്രകാരം 18.04.2024ലെ സ്കെച്ചും 02.05.2024ലെ സ്കെച്ചും പരിശോധിച്ചതിൽ പെർമിറ്റ് ഏരിയയ്ക്ക് ഉള്ളിൽ നിന്നും 58802.47 $m^3$ waterlogged ഏരിയ നിന്നും 1783.68 $m^3$ ബഫർ സോണിൽ നിന്ന് 23848.82 $m^3$, പെർമിറ്റ് ഏരിയയ്ക്ക് പുറത്തു നിന്ന് 10816.24 $m^3$ ഉൾപ്പെടെ ആകെ 95251.21 $m^3$ ധാതുക്കൾ ഖനനം ചെയ്തു നീക്കം ചെയ്തിട്ടുള്ളതായും 18.04.2024ലെ സ്കെച്ച് പ്രകാരം 24687.6 $m^3$ മണ്ണ് പെർമിറ്റ് ഏരിയക്കുള്ളിൽ ഫിൽ ചെയ്തതായും രേഖപ്പെടുത്തിയിരിക്കുന്നു. ആയത് പ്രകാരം, ആകെ ധാതുകളുടെ പിറ്റ് വോളിയം 119938.81 $m^{33}$ (95251.21 $m^3$+24687.6 $m^3$) ആണ്. മണ്ണിൻറെ അളവ് ആകെ ഖനനം ചെയ്ത അളവിൽ നിന്നു കിഴിച്ചാൽ കരിങ്കല്ലിൻറെ അളവ് 95251.21 $m^{33}$ ( 238128.025 MT ) എന്നു ലഭിക്കും. ടി സ്ഥലത്ത് പെർമിറ്റ് ഉടമയ്ക്ക് 06.2.2019, 24.6.2019, 19.1.2023 തീയതികളിൽ ക്വാറിയിങ് പെർമിറ്റുകൾ അനുവദിച്ചിട്ടുള്ളതാണ്. ടി പെർമിറ്റുകളുടെ അതാത് കാലയളവുകളിലെ KOMPAS പോർട്ടൽ പ്രകാരമുള്ള പ്രൊഡക്ഷൻ പരിശോധിച്ചതിൽ 40757.45 MT [ 12350+9200+2000+17207.45] ആണ്. പെർമിറ്റ് അനുവദിച്ച സ്ഥലത്തു ആദ്യ CRPS പെർമിറ്റുകൾ പ്രകാരം 13713.5 MT കരിങ്കൽ ഖനനം ചെയ്തു നീക്കിയതായി നമ്പർ 1978/ഡിഐക്യൂ/എസ്2/2017 ഫയലിൽ നോട്ട് 25ൽ നിന്നും, ടി ഫയലിൽ ഉള്ളടക്കം ചെയ്ത കൊട്ടാരക്കര തഹസിൽദാരുടെ റിപ്പോർട്ടിൽ നിന്നും വ്യക്തമാണ്. ഇപ്രകാരം അനുവദനീയമായ കരിങ്കല്ലിൻറെ ഖനന അളവ് 54470.95 MT (40757.45+13713.5) എന്ന് കാണുന്നു. വിവിധ കാലയളവിൽ ടി സ്ഥലത്ത് പെർമിറ്റ് ഏരിയയ്ക്ക് പുറത്തുനിന്നും 3366MT, പെർമിറ്റ് ഏരിയയ്ക്ക് അകത്തു നിന്നും 212.5MT &13713.5 MT കരിങ്കൽ എന്നീ അളവുകൾക്കു അനധികൃത ഖനനത്തിന് പിഴ ഒടുക്കിയതായി പെർമിറ്റ് ഉടമ ചെല്ലാൻ ഹാജരാക്കിയിട്ടുണ്ട്. ടി മൂന്ന് അളവുകളും കിഴിവ് ചെയ്താണ് മുൻപ് ഡിമാൻഡ് നൽകിയിരുന്നത്. പുനർപരിശോധനയിൽ, 13713.5 MT കരിങ്കല്ലിന് പെനാൽട്ടി ഒടുക്കിയത് 2015 ന മുൻപുള്ള ഖനന പിഴ നിരക്കിലാണ് എന്നു കാണുകയുണ്ടായി. ആയത് പ്രകാരം പ്രസ്തുത അളവ് ആകെ കണ്ടെത്തിയ അളവിൽ നിന്നു കിഴിവ് ചെയ്തു നൽകിയിട്ടുള്ളതാണ്. കൂടാതെ 3366MT പെർമിറ്റ് ഏരിയയ്ക്ക് പുറത്ത് റീസർവ്വേ നമ്പർ 392/14 ൽ ഉൾപ്പെട്ടു വന്നിട്ടുള്ളതാണ്. ടി സർവ്വേ നമ്പർ ഉൾപ്പെട്ട് വരുന്ന ഭാഗം നിലവിൽ ക്വാറി അളന്നപ്പോൾ അളവിൽ ഉൾപ്പെട്ട് വന്നിട്ടില്ല. ആയതിനാൽ 3366MT അളവ് കിഴിവ് ചെയ്തു

നൽകിയിട്ടില്ല. ഇപ്രകാരം നിലവിൽ സർവ്വേ ചെയ്ത ഏരിയയിൽ പിഴ ഒടുക്കിയ കരിങ്കല്ലിൻറെ അളവ് 13926 MT ആണ്. ടി സ്ഥലത്ത് ഖനന അനുമതി നൽകിയ സ്ഥലത്തും പുറത്തുനിന്നുമായി ഖനനം ചെയ്ത കരിങ്കലിൻറെ ആകെ അളവ് (Total Pit Volume) 238128.025MT എന്നും ഖനന അനുമതി നൽകിയത് പ്രകാരമുള്ള അളവ് (Permitted quantity) 54470.95 MT എന്നും പിഴ ഒടുക്കിയ കരിങ്കലിൻറെ അളവ് (penalized quantity ) 13926MT എന്നും ലഭിക്കുകയുണ്ടായി. മേൽ അളവുകൾ മൊത്തം അധിക/അനധികൃത ഖനനം നിർണ്ണയിക്കുന്നതിന് 25-3-2023ലെ സ.ഉ(കൈ) നം. 61/2023/ID നമ്പറായ സർക്കാർ ഉത്തരവും, 11-9-2023-ലെ 3401/M5/2022 നമ്പറായ വകുപ്പ് ഡയറക്ടറുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുമുള്ള ഡാറ്റാഷീറ്റിൽ ഉൾപ്പെടുത്തി പരിശോധിച്ചിരുന്നു. ആയതുപ്രകാരം ടി ക്വാറിയിൽ നിന്നും 169731.08 MT കരിങ്കല്ല് അനധികൃതമായി ഖനനം ചെയ്തതായി ബോധ്യപ്പെട്ടിരുന്നു. മേൽ സാഹചര്യത്തിൽ, ടി സ്ഥലത്ത് ഖനന അനുമതി നൽകിയ സ്ഥലത്തുംപുറത്തുനിന്നുമായി അനധികൃതമായി ഖനനം ചെയ്ത 169731.08 MT കരിങ്കല്ലിന്റെ അളവിന് റോയൽറ്റി, വില, കോമ്പൌണ്ടിങ് ഫീ ഇനത്തിൽ ആകെ 20646258/-( രണ്ടു കോടി ആറ് ലക്ഷത്തി നാൽപ്പത്തി ആറായിരത്തി ഇരുനൂറ്റി അൻപത്തി എട്ട് രൂപ) ഒടുക്കുന്നതിന് പരാമർശം (3) പ്രകാരം ജില്ലാ ജിയോളജിസ്റ്റ് ഡിമാൻഡ് നോട്ടീസ് നൽകിയിരുന്നത്.

3) ഹർജിവിഷയവുമായി ബന്ധപ്പെട്ട് അഡീഷണൽ ചീഫ് സെക്രട്ടറി ഹിയറിംഗ് നടത്തിയിരുന്നു. ഹർജിക്കക്ഷിക്കുവേണ്ടി അഡ്വക്കേറ്റും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുത്തിരുന്നു. ഹിയറിംഗിൽ ഹർജിക്കക്ഷിയുടെ പ്രതിനിധിയായ അഡ്വക്കേറ്റ് അനധികൃത ഖനനം നടത്തിയിട്ടില്ലായെന്നും മുൻകാലങ്ങളിൽ നടത്തിയ ഖനനത്തിന് പിഴ ഒടുക്കിയത് പരിഗണിക്കാതെയാണ് പുതിയ ഡിമാന്റ് നോട്ടീസ് നൽകിയതെന്നും ഡിമാന്റ് നോട്ടീസ് പുനപരിശോധിക്കണമെന്നും, സ്ഥലം വീണ്ടും സന്ദർശിച്ച് അളവെടുക്കണമെന്നും ആവശ്യപ്പെട്ടു. ആയത് ആർഗ്യുമെന്റ് നോട്ടായി സമർപ്പിക്കുവാൻ നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൻ ആയത് സമർപ്പിച്ചിരുന്നു.

ഹിയറിംഗിന്റെ അടിസ്ഥാനത്തിൽ ഹർജിക്കക്ഷി സമർപ്പിച്ച വാദങ്ങൾക്കുള്ള മറുപടി:

* കൊട്ടാരക്കര താലൂക്കിൽ കലയപുരം വില്ലേജിൽ ബ്ലോക്ക് നം. 10, റീസർവ്വെ നം. 392/6, 392/7, 392/8, 392/9-1, 392/9-3, 392/9-3-1ൽ പ്പെട്ട സ്ഥലത്താണ് ഹർജിക്കാരന് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. ടി സ്ഥലത്ത് അനുവദിച്ച കലയപുരം വില്ലേജ് ഓഫീസറുടെ സർവേ മാപ്പിൽ മുൻപ് ഖനനം ചെയ്ത ഭാഗവും ഏരിയയും കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ പെർമിറ്റ് ഏരിയയിൽ ഉൾപ്പെട്ട റീസർവ്വെ നം. 392/6ൽ പ്പെട്ട സ്വകാര്യ ഭൂമിയിലും, പെർമിറ്റ് ഏരിയയോട് ചേർന്നുള്ള റീസർവ്വെ നം. 392/14 ൽ പ്പെട്ട സ്വകാര്യ ഭൂമിയിലും റീസർവ്വെ നം. 392/5 ൽ പ്പെട്ട സർക്കാർ ഭൂമിയിലും മുൻപ് ഖനനം നടന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ സർവെയർ ക്വാറി അളന്നപ്പോൾ റീസർവ്വെ നം. 392/5, 392/14 എന്നീ ഭാഗങ്ങൾ ഉൾപ്പെട്ട് വന്നിട്ടില്ല. ആയതിനാൽ ടി സ്ഥലത്തെ ഖനന അളവ് നിലവിലെ ഖനന അളവിൽ പരിഗണിച്ചിട്ടില്ലാത്തതാണ്. പെർമിറ്റ് അനുവദിച്ച റീസർവ്വെ നം. 392/6 ൽ പ്പെട്ട സ്ഥലത്ത് മുൻപ് CRPS പെർമിറ്റുകൾ പ്രകാരം ഖനനം ചെയ്ത 13713.5 MT കരിങ്കല്ലിൻറെ അളവ് നിലവിൽ പരിഗണിച്ചിട്ടുള്ളതാണ്. കൂടാതെ പെനാലിറ്റി

പരിഗണിച്ചിട്ടുള്ളതാണ്. ആയതിനാൽ മുൻപ് തീർത്ത ബാധ്യതകൾ നിലവിലെ ഖനന അളവിൽ കൃത്യമായി പരിഗണിച്ചിട്ടുള്ളതാണ്. ആയതിനാൽ പെർമിറ്റ് അനുവദിക്കുന്നതിന് മുൻപുള്ള കാലത്തെ ഖനനം ഹർജിക്കാരന്റെ മേൽ ചുമത്തി എന്നതും മുൻപ് പിഴ ഈടാക്കിയ ഖനനത്തിന് വീണ്ടും പിഴ ചുമത്തി എന്നുള്ള ഹർജിക്കാരൻറെ വാദം തികച്ചും വസ്തുതാ വിരുദ്ധമാണ്.

* നിലവിൽ ക്വാറി അളന്ന് വേളയിൽ ക്വാറിപിറ്റിൽ മണ്ണിട്ട് ഫില്ലിങ് നടത്തിയതായി വകുപ്പ് സർവെയർ അറിയിച്ചിരുന്നു. ക്വാറി പിറ്റിൽ ഫില്ലിങ് നടത്തിയ 24687.6 $m^3$ മണ്ണിൻറെ അളവ് 18.04.2024ലെ സ്കെച്ചിൽ സർവെയർ രേഖപ്പെടുത്തിയിട്ടുണ്ട്. മണ്ണിട്ട് ഫില്ലിങ് നടത്തിയ ലെവൽസ് വരെയുള്ള ശരാശരി ആഴം കണക്കാക്കിയാണ് കരിങ്കല്ലിന്റെ അളവ് തിട്ടപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ നിലവിലെ ഖനന അളവിൽ മേൽമണ്ണിന്റെ അളവ് പരിഗണിച്ചില്ല എന്നുള്ള ഹർജിക്കാരന്റെ വാദം നിലനിൽക്കുന്നതല്ല.
* അംഗീകരിച്ച മൈനിങ് പ്ലാൻ പ്രകാരം Mineable, Blocked റിസേർവ് ഉൾപ്പെടെ ടി സ്ഥലത്തെ കരിങ്കല്ലിൻറെ ആകെ റിസേർവ് 145215 മെട്രിക് ടൺ ആണ്. നിലവിൽ ടി സ്ഥലത്ത് നിന്നും ആകെ ഖനനം നടത്തിയ കരിങ്കല്ലിന്റെ അളവ് 238128 മെട്രിക് ടൺ ആണ്. ആയതിൽ പെർമിറ്റ് അനുവദിച്ച സ്ഥലത്ത് നിന്നും ഖനനം ചെയ്ത കരിങ്കല്ലിൻറെ അളവ് 211087 മെട്രിക് ടൺ ആണ്. അംഗീകരിച്ച മൈനിങ് പ്ലാൻ പ്രകാരം ഉള്ള റിസേർവിനെക്കാൾ കൂടുതൽ ഖനനം നടത്താൻ പറ്റില്ല എന്നാണ് ഹർജിക്കാരൻറെ വാദം. ഖനനാനുമതി നൽകിയ സ്ഥലത്ത് Bench cutting നടത്താതെ 25 മീറ്ററോളം സ്റ്റീപ് വെർട്ടിക്കൽ കട്ടിങ് നടത്തിയും ബഫർ സോൺ ഉൾപ്പെടെയുള്ള ഭാഗത്ത് അനധികൃതമായി കരിങ്കൽ ഖനനം ചെയ്തതിനാലുമാണ് ടി സ്ഥലത്തെ ആകെ ഖനന അളവ് മൈനിങ് പ്ലാൻ പ്രകാരമുള്ള റിസേർവിൽ കൂടുതലായി വന്നിട്ടുള്ളത്. ടി സ്ഥലത്ത് നിന്നും ആകെ ഖനനം നടത്തിയതായി കണകാക്കിയ 238128 മെട്രിക് ടൺ കരിങ്കല്ലിൻറെ അളവിൽ മൈനിങ് പ്ലാൻ പ്രകാരമുള്ള ഏരിയക്ക് പുറത്തുള്ള ഖനനവും ഉൾപ്പെട്ട് വന്നിട്ടുള്ളതാണ്. ആയതിനാൽ അംഗീകരിച്ച മൈനിങ് പ്ലാൻ പ്രകാരം ഉള്ള റിസേർവിനെക്കാൾ കൂടുതൽ ഖനനം നടത്താൻ പറ്റില്ല എന്നുള്ള ഹർജിക്കാരന്റെ വാദം ശാസ്ത്രീയമായി നിലനിൽക്കുന്നതല്ല.
* വകുപ്പ് സർവെയർ ആണ് ടി സ്ഥലത്തെ ഖനന അളവ് തിട്ടപ്പെടുത്തി ലഭ്യമാക്കിയിട്ടുള്ളത്. മേൽ പ്രകാരമുള്ള അളവിൽ നിന്നും പെർമിറ്റുകൾ പ്രകാരം അനുമതി ലഭിച്ച അളവുകളും, പിഴ ഈടാക്കിയ അളവുകളും കിഴിവ് ചെയ്താണ് അനധികൃതമായി ഖനനം ചെയ്ത കരിങ്കല്ലിൻറെ അളവിന് ഡിമാൻഡ് നല്കിയിട്ടുള്ളത്. ഖനനാനുമതി നല്കിയ സ്ഥലത്തിന് പുറമെ ബഫർ സോണും ഏരിയക്കു പുറത്തുള്ള ഖനനവും ഹർജിക്കാരൻ ഖനനം നടത്തിയിട്ടുള്ളതായി വെളിവായിട്ടുള്ളതിനാൽ അനധികൃത നടത്തിയിട്ടില്ല എന്നുള്ള ഹർജിക്കാരന്റെ വാദഗതികൾ തീർത്തും അടിസ്ഥാനരഹിതവും നിലനിൽക്കാത്തതും തെറ്റിദ്ധരിപ്പിക്കുന്നതുമാണ്. മേൽ സാഹചര്യത്തിൽ, ടി സ്ഥലത്ത് ഖനന അനുമതി നല്കിയ സ്ഥലത്തും പുറത്തുനിന്നുമായി അനധികൃതമായി ഖനനം ചെയ്ത 169731.08 MT കരിങ്കല്ലിൻറെ അളവിന് റോയൽറ്റി, വില, കോമ്പൌണ്ടിങ് ഫീ ഇനത്തിൽ ആകെ 20646258/- രൂപ ഹർജിക്കാരനിൽ നിന്നും ഈടാക്കേണ്ടതുണ്ട്.

അപ്പീൽ കക്ഷിയുടെ സ്ഥലത്ത് തുടർന്ന് അനധികൃത ഖനനം നടക്കുന്നതായി ലഭിച്ച പരാതിയിൽ ടി സ്ഥലം ജില്ലാ ഓഫീസിൽ നിന്നും 06.05.2026 തീയതിയിൽ പരിശോധിച്ചിരുന്നു. പരിശോധനയിൽ ക്വാറിയുടെ കുറച്ച് ഭാഗത്ത് മണ്ണ് നീക്കം ചെയ്ത് അനധികൃതമായി കരിങ്കൽ ഖനനം ചെയ്ത് നീക്കം ചെയ്തിട്ടുള്ളതായി കാണപ്പെട്ടു. മേൽ അനധികൃത ഖനനത്തിന് ഹർജികക്ഷിക്കും സ്ഥലം ഉടമകൾക്കും 06.05.2026 തീയതിയിൽ കാരണം കാണിക്കൽ /നിറുത്തൽ നോട്ടീസ് നല്കിയിട്ടുള്ളതുമാണ്. ആകയാൽ ജിയോളജിസ്റ്റ് സ്വീകരിച്ച നടപടി ശരിവെച്ച് രണ്ടാം അപ്പീൽ നിരസിച്ച് ഉത്തരവാകണമെന്ന് പരാമർശം (5) പ്രകാരം ഡി.എം.ജി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

4) ഹർജിവിഷയം വിശദമായി പരിശോധിച്ചു. ഹർജിക്കക്ഷി ആവശ്യപ്പെട്ട പ്രകാരം

സർക്കാരിന്റെ അധിക ഖനന /അനധികൃത ഖനന അദാലത്തിൽ ഉൾപ്പെടുത്തിയാണ് നിലവിലെ ഡിമാൻറ് നോട്ടീസ് നൽകിയിട്ടുള്ളതെന്നതിനാൽ അളവുകൾ കൃത്യതയില്ലായെന്ന ഹർജിക്കക്ഷിയുടെ വാദം പരിഗണിച്ച് പരാമർശിത പ്രദേശത്തെ മണ്ണിട്ട് മൂടിയിട്ടുള്ള ക്വാറിപിറ്റുകളിലെ മണ്ണ് **രണ്ടുമാസത്തിനകം** ഹർജിക്കക്ഷി സ്വന്തം ചെലവിൽ മാറ്റിനൽകുന്ന പക്ഷം അനധികൃത ഖനനം സംബന്ധിച്ച് പുതിയ അളവെടുത്ത് അതിൻ പ്രകാരം നടപടിക്രമങ്ങൾ പാലിച്ച് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകുന്നതിനും അല്ലാത്തപക്ഷം നിലവിലുള്ള ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള പെനാൽറ്റി ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ ജില്ലാ ജിയോളജിസ്റ്റിന് നിർദേശം നൽകിയും ശ്രീ. സുന്ദരേശൻ, പത്മദീപം, മൈലംകുളം, പുത്തൂർ.പി.ഒ, കൊല്ലം എന്ന വ്യക്തി സമർപ്പിച്ച രണ്ടാം അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
അഡീഷണൽ ചീഫ് സെക്രട്ടറി

1 ശ്രീ. സുന്ദരേശൻ, പത്മദീപം, മൈലംകുളം, പുത്തൂർ.പി.ഒ, കൊല്ലം 691507

2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം

3. ഡയറക്ടർ, മൈനിംഗ് & ജിയോളജി , തിരുവനന്തപുരം

4. ജില്ലാ ജിയോളജിസ്റ്റ്,കൊല്ലം

5. വിവരം പൊതുജന സമ്പർക്ക് (വെബ് & ന്യൂമീഡിയ ) വകുപ്പ്

6.സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (എ4/32/2026-വ്യവ)

ഉത്തരവിൻ പ്രകാരം

Signed by
Sabitha B
സെക്ഷൻ ഓഫീസർ
Date: 05-06-2026 11:29:02